# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1441** 02.07.2015 -ൽ മറുപടിക്ക്

### മാവേലിക്കര മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ

ചോദ്യം ഉത്തരം

ശ്രീ.ആർ. രാജേഷ്: ശ്രീ. കെ.സി. ജോസഫ്
(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. മാവേലിക്കര എ.ആർ. രാജരാജവർമ്മ സ്മാരകം ശാരദാ മന്ദിരത്തിൽ സാംസ്കാരിക മന്ദിരത്തിന്റെ നിർമ്മാണം ആരംഭിച്ചു.<br>2. മലയാള ശാകുന്തളത്തിന്റെ ശതാബ്ദി പതിപ്പ് പ്രസിദ്ധീകരിച്ചു.<br>3. എ.ആർ. രാജരാജവർമ്മയുടെ 150- ാം ജന്മവാർഷികത്തിന്റെ ഭാഗമായി കേരള പാണിനി എ.ആർ. രാജരാജവർമ്മ ഹ്രസ്വചിത്രം നിർമ്മിച്ചു.<br>4. മാവേലിക്കരയിൽ എ.ആർ. ജംക്ഷൻ പ്രഖ്യാപിച്ചു.<br>5. മാവേലിക്കര നരേന്ദ്ര പ്രസാദ് സ്മാരക നാടക പഠന ഗവേഷണ കേന്ദ്രത്തിന്റെ ആസ്ഥാന മന്ദിരം നിർമ്മിച്ച് ഉദ്ഘാടനം ചെയ്തു. പ്രസ്തുത പഠന ഗവേഷണ കേന്ദ്രത്തിൽ റിസർച്ച്-റഫറൻസ് ലൈബ്രറി ആരംഭിക്കുന്നതിനുള്ള പുസ്തകങ്ങൾ വാങ്ങി സജ്ജീകരിച്ചു. |
| (ബി) | മാവേലിക്കര ബുദ്ധജംഗ്ഷനിലെ ബുദ്ധസ്തൂപവും പ്രദേശവും സംരക്ഷിക്കുന്നതിനായി മാവേലിക്കര ബുദ്ധജംഗ്ഷൻ മുതൽ ആറാട്ടുകടവുവരെ വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ? | (ബി) | മാവേലിക്കര ബുദ്ധജംഗ്ഷനിലെ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ ബുദ്ധമണ്ഡപവും പ്രതിമയും സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ബുദ്ധ ജംഗ്ഷൻ മുതൽ ആറാട്ടുകടവു വരെ വഴിവിളക്കുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പുരാവസ്തു വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. |

Saradadevi

സെക്ഷൻ ഓഫീസർ